©
**കേരള സർക്കാർ**
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 13**<br>Vol. XIII | **തിരുവനന്തപുരം, വ്യാഴം**<br>Thiruvananthapuram, Thursday | **2024 ഫെബ്രുവരി 29**<br>29th February 2024<br>**1199 കുംഭം 16**<br>16th Kumbham 1199<br>**1945 ഫാൽഗുനം 10**<br>10th Phalguna 1945 | **നമ്പർ**<br>No. | **762** |


കേരള സർക്കാർ

**ആരോഗ്യവും കുടുംബക്ഷേമവും (എഫ്.ഡബ്ല്യൂ.) വകുപ്പ്**

വിജ്ഞാപനം

സ. ഉ. (പി) നമ്പർ 8/2024/ആ.കു.വ. *തിരുവനന്തപുരം, 2024 ഫെബ്രുവരി, 20*
*1199 കുംഭം 7.*

**എസ്. ആർ. ഒ. നമ്പർ 213/2024**

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരളത്തിലെ ആയുർവേദം ചികിത്സാ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപനങ്ങൾ പാലിക്കേണ്ടതായ നിലവാരം നിർണ്ണയിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ചട്ടങ്ങൾക്ക് 2023-ലെ കേരള ആയുർവേദ ക്ലിനിക്കൽ സ്ഥാപനങ്ങൾ (നിലവാരം നിർണ്ണയിക്കൽ) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മററ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) “അനുബന്ധം” എന്നാൽ ഈ ചട്ടത്തിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള അനുബന്ധം എന്നർത്ഥമാകുന്നു;

(സി) “സർക്കാർ” എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) “സംസ്ഥാനം” എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും, എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, യഥാക്രമം, അവയ്ക്ക് ആക്റ്റിൽ നൽകപ്പെട്ടിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്.

3. ആയുർവേദ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ തരം തിരിക്കൽ.— നിലവാരം നിർണ്ണയിക്കുന്നതിനായി ആരോഗ്യസംരക്ഷണം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം സ്ഥാപനങ്ങളെ തരം തിരിക്കാവുന്നതാണ്. അതായത് :—

(1) ക്ലിനിക്:—രജിസ്റ്റർ ചെയ്ത ആയുർവേദ ചികിത്സകന്റെയോ/ സ്പെഷ്യലിസ്റ്റിന്റെയോ ഉടമസ്ഥതയിലോ നേതൃത്വത്തിലോ പ്രവർത്തിക്കുന്ന, വൈദ്യ പരിശോധന, രോഗനിർണ്ണയം, ഔഷധ നിർണയം, ഔഷധ കുറിപ്പടി മുതലായ ഔട്ട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പേഷ്യന്റ് സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ആയുർവേദ ചികിത്സാ സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു. ഇവിടെ ഫാർമസി, രോഗസ്വഭാവത്തിനനുസൃതമായ ബാൻഡേജിംഗ്, മുറിവ് ഡ്രസ്സിംഗ്, തുന്നൽ, ഇൻസിഷൻ & ഡ്രെയിനേജ്, ഫോറിൻ ബോഡി നീക്കം ചെയ്യൽ, പ്രഥമശുശ്രൂഷ തുടങ്ങിയ ലളിതമായ ബാഹ്യ ചികിത്സകൾ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ചികിത്സകന്റെ ഇച്ഛാനുസരണം ഉൾപ്പെടുത്താവുന്നതാണ്. ഒന്നോ അതിലധികമോ ഡോക്ടർമാർക്ക് ഒരു ക്ലിനിക് നടത്താം, എന്നാൽ ഒരു സമയത്ത് ഒരു ഡോക്ടർ മാത്രമേ ഉണ്ടാവുകയുള്ളൂ.

(2) പോളിക്ലിനിക്:— ഡോക്ടറുടെയോ/സ്പെഷ്യലിസ്റ്റിന്റെയോ ഉടമസ്ഥതയിലോ നേതൃത്വത്തിലോ പ്രവർത്തിക്കുന്ന, വൈദ്യ പരിശോധന, ഔഷധ നിർണയം, മുതലായ ഔട്ട് പേഷ്യന്റ് സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള ആയുർവേദ ചികിത്സാ സ്ഥാപനങ്ങൾ. ഇവിടെ ഫാർമസി, രോഗസ്വഭാവത്തിനനുസൃതമായ ലളിതമായ ബാഹ്യ ചികിത്സകൾ ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ ചികിത്സകന്റെ ഇച്ഛാനുസരണം ഉൾപ്പെടുത്താവുന്നതാണ്. രോഗികൾക്ക് അവരുടെ വിവേചനാധികാരത്തിൽ ഏത് ഡോക്ടറുടെയും വൈദ്യോപദേശം സ്വീകരിക്കാവുന്നതാണ്.

(3) തെറാപ്പി സെന്റർ:—ഒരു ഡോക്ടറുടെയോ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെയോ ഉടമസ്ഥതയിലോ നേതൃത്വത്തിലോ പ്രവർത്തിക്കുന്ന കിടത്തിച്ചികിത്സ ആവശ്യമില്ലാത്ത ക്രിയാക്രമങ്ങൾക്ക് പ്രാധാന്യം നല്കുന്ന വൈദ്യ പരിശോധന, ഔഷധ നിർണയം, ഔഷധ വിനിമയം മുതലായ ഔട്ട് പേഷ്യന്റ് സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളതുമായ ആയുർവേദ ചികിത്സാ സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു. ലഭ്യമാക്കുവാനുദ്ദേശിക്കുന്ന ബാഹ്യ ചികിത്സാ സേവനങ്ങൾക്ക് അവശ്യമായ സൗകര്യങ്ങൾ ടി കേന്ദ്രത്തിൽ ഉണ്ടായിരിക്കണം.

(4) സ്പെഷ്യാലിറ്റി സെന്റർ:—ഒരു സ്പെഷ്യാലിറ്റി അല്ലെങ്കിൽ വ്യത്യസ്ത സ്പെഷ്യാലിറ്റികളിൽ ഒന്നോ അതിലധികമോ ഡോക്ടർമാർ പ്രത്യേക രോഗങ്ങളോ സ്പെഷ്യാലിറ്റികൾക്ക് കീഴിലുള്ള രോഗങ്ങളോ കൈകാര്യം ചെയ്യുന്നതിനായി വിവിധ പരിശോധന, കൺസൾട്ടേഷൻ, കുറിപ്പടി എന്നിവയിലൂടെ ആവശ്യമായ ചികിത്സയും മരുന്നുകളും സ്പെഷ്യാലിറ്റിയുമായി ബന്ധപ്പെട്ട പ്രത്യേക ചികിത്സാ ക്രമങ്ങളും നൽകുന്ന സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു. ലഭ്യമാക്കുവാനുദ്ദേശിക്കുന്ന സ്പെഷ്യാലിറ്റിയ്ക്കാവശ്യമായ സൗകര്യം ടി സ്ഥാപനത്തിൽ ഉണ്ടായിരിക്കണം.

<u>വിശദീകരണം</u> :— ഈ ഉപചട്ടത്തിന്റെ ആവശ്യത്തിലേക്ക്;

ആയുർവേദ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾക്ക് കീഴിൽ താഴെപ്പറയുന്ന സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ/ ആശുപത്രികൾ പ്രവർത്തിക്കുന്നതാണ്. അതായത്:—

(എ) ശാലാക്യതന്ത്രം—നേത്രരോഗം (ഒഫ്താൽമോളജി), ശിരോ നാസാ കർണ്ണ ഏവം കണ്ഠരോഗം (ഇ.എൻ.ടി), മുഖ ദന്തരോഗം (ഓറോ-ഡെന്റൽ) എന്നിവ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) ശല്യതന്ത്രം—ശസ്ത്രം ഏവം അനുശസ്ത്രം (സർജറി), വ്രണ ചികിത്സ (വൂണ്ട് ക്ലിനിക്), അസ്ഥി സന്ധി മർമ്മ ചികിത്സ (ഓർത്തോപീഡിക്), സ്പോർട്സ് മെഡിസിൻ എന്നിവ.

(സി) പ്രസൂതിതന്ത്രവും സ്ത്രീരോഗവും—പ്രസൂതിതന്ത്രം (ഒബ്സ്ടെട്രിക്സ്), സ്ത്രീരോഗം (ഗൈനക്കോളജി) എന്നിവ.

(ഡി) കൗമാരഭൃത്യം—ബാലരോഗം (പീഡിയാട്രിക്സ്).

(ഇ) കായചികിത്സ—പ്രമേഹ ക്ലിനിക് (ആയുർവേദ ഡയബെടോളജി), ആയുർവേദ റുമറ്റോളജി, ആയുർവേദ ന്യൂറോളജി, രസയാന ഏവം വാജീകരണം (ആയുർവേദ ജെറിയാട്രിക്സ്), സാന്ത്വന പരിചരണം (പാലിയേറ്റിവ് കെയർ), ത്വക് രോഗം (ഡെർമറ്റോളജി), ആയുർവേദ കോസ്മെറ്റോളജി, മാനസികം (സൈക്യാട്രി), പഞ്ചകർമ്മ എന്നിവ.

(എഫ്) സ്വസ്ഥവൃത്തം—ജീവിതശൈലി രോഗ ക്ലിനിക്, സ്വസ്ഥവൃത്ത (വെൽനെസ്സ് ആൻഡ് പ്രിവെന്റീവ്) എന്നിവ

(5) ഡേ സർജറി/പ്രൊസീജർ യൂണിറ്റ്:—മൈനർ ശസ്ത്രക്രിയകൾ, അനുശസ്ത്രക്രിയകൾ എന്നിവയ്ക്ക് വേണ്ടിയുള്ള രോഗികളുടെ പ്രവേശനം, ചികിത്സ, വിടുതൽ എന്നിവയെല്ലാം ഒരു ദിവസം അല്ലെങ്കിൽ 24 മണിക്കൂറിനുള്ളിൽ നടത്തുന്ന സ്ഥലം എന്നർത്ഥമാകുന്നു. ശാലാക്യതന്ത്രം, ശല്യതന്ത്രം, പ്രസൂതിതന്ത്രവും സ്ത്രീരോഗവും തുടങ്ങിയ സ്പെഷ്യാലിറ്റികൾക്കും, ത്വക്ക് രോഗ ക്ലിനിക്കുകളോട് അനുബന്ധിച്ചും യൂണിറ്റ് പ്രവർത്തിക്കാവുന്നതാണ്. ക്ലിനിക്കിന്റെ സേവനങ്ങൾക്കും ജോലിഭാരത്തിനും അനുസരിച്ച് ഒന്നോ അതിലധികമോ ഓപ്പറേറ്റിംഗ് റൂമുകളും രോഗികളുടെ ശസ്ത്രക്രിയാനന്തര സുഖം പ്രാപിക്കുന്നതിനുള്ള താമസ സൗകര്യവും ഉണ്ടായിരിക്കണം.

(6) ആശുപത്രികൾ:—(i) ജനറൽ പ്രാക്ടീഷണർമാർ/സ്പെഷ്യലിസ്റ്റു ഡോക്ടർമാർ മുഴുവൻ സമയ മേൽനോട്ടത്തോടെയുള്ള സപ്പോർട്ടീവ് സേവനങ്ങൾക്കൊപ്പം ജനറൽ, സ്പെഷ്യാലിറ്റി ചികിത്സകൾക്കായി രോഗികൾക്ക് ഇൻ പേഷിയെന്റ് (ഐ.പി) സേവനം നൽകുന്ന ഒരു ക്ലിനിക്കൽ സ്ഥാപനം എന്നർത്ഥമാകുന്നു. ഇതിന് ഔട്ട്പേഷ്യന്റു (ഒ.പി.) സേവനങ്ങൾ കൂടി ഉണ്ടായിരിക്കും. സാമാന്യ ആരോഗ്യ പരിചരണത്തോടുകൂടിയോ അല്ലാതെയോ ആശുപത്രികൾക്ക് സ്പെഷ്യൽറ്റി സേവനങ്ങൾ നടത്താനാകും.

(ii) പരിചരണത്തിന്റെ തരം, കിടക്കകളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ ആശുപത്രികളെ താഴെപ്പറയും വിധം തരം തിരിക്കാവുന്നതാണ്. അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) വിഭാഗം 1 (10 കിടക്കകൾ വരെ)—ഒന്നോ അതിലധികമോ രജിസ്റ്റർ ചെയ്ത മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർ/ഡോക്ടർമാർ ഉണ്ടായിരിക്കണം,

(ബി) വിഭാഗം 2 (11 മുതൽ 25 വരെ കിടക്കകൾ)—രണ്ടോ അതിലധികമോ രജിസ്റ്റർ ചെയ്ത മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉണ്ടായിരിക്കണം,

(സി) വിഭാഗം 3 (26 മുതൽ 50 വരെ കിടക്കകൾ.)—മൂന്നോ അതിലധികമോ രജിസ്റ്റർ ചെയ്ത മെഡിക്കൽ പ്രാക്ടീഷണർമാരോ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരോ ഉണ്ടായിരിക്കണം,

(ഡി) വിഭാഗം 4 (51 മുതൽ 100 വരെ കിടക്കകൾ)—രജിസ്റ്റർ ചെയ്ത അഞ്ചോ അതിലധികമോ മെഡിക്കൽ പ്രാക്ടീഷണർമാരോ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരോ ഉണ്ടായിരിക്കണം,

(ഇ) വിഭാഗം 5 (100 ന് മുകളിൽ കിടക്കകൾ)—രജിസ്റ്റർ ചെയ്ത അഞ്ചോ അതിലധികമോ മെഡിക്കൽ പ്രാക്ടീഷണർമാരോ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരോ ഉണ്ടായിരിക്കണം,

എന്നാൽ വിഭാഗം 4-നും 5-നും ഓരോ 20 കിടക്കകൾക്കും ഒരു ഡോക്ടറെ കൂടി ചേർക്കേണ്ടതാണ്.

4. സ്ഥാപനങ്ങളുടെ അടിസ്ഥാന നിലവാരങ്ങൾ:—

(1) **വ്യാപ്തി/ബാധകം**:—

(എ) *ക്ലിനിക്:* (i) വൈദ്യ പരിശോധന, രോഗനിർണ്ണയം, ഔഷധ നിർണയം, മരുന്നുകൾ വിതരണം ചെയ്യുന്നതു തുടങ്ങി ജനറൽ/ സ്പെഷ്യൽറ്റി രോഗ പരിചരണ സേവനങ്ങൾ നൽകുന്നതും, ഐ.പി. സേവനങ്ങളോട് കൂടിയതും ഒന്നോ അധികമോ ഡോക്ടർ/ സ്പെഷ്യലിസ്റ്റ് ഉള്ളതും ആയ ആശുപത്രികൾക്ക് അടിസ്ഥാനനിലവാരങ്ങൾ ബാധകമാണ്.

(ii) ആരോഗ്യ വിദ്യാഭ്യാസത്തിനും ആരോഗ്യ അഭിവൃദ്ധിക്കും ആവശ്യമായ പ്രാഥമിക സേവനം നൽകുന്നതോ പുനരധിവാസ സ്വഭാവമുള്ള ആരോഗ്യ പരിപാലന സേവനങ്ങൾ നൽകുന്നതോ മേൽ പറഞ്ഞ ആയുർവേദ വിഭാഗത്തിലെ ഏതെങ്കിലും സ്പെഷാൽറ്റി ഉൾപ്പെടുന്നതോ ആയ സ്ഥാപനങ്ങൾക്കും അടിസ്ഥാനനിലവാരങ്ങൾ ബാധകമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>കുറിപ്പ്</u> : ജനറൽ വിഭാഗം മാത്രമായോ/ സ്പെഷ്യാലിറ്റി വിഭാഗം മാത്രമായോ/ പല സ്പെഷ്യാലിറ്റികൾ ഉൾപ്പെടുത്തി കൊണ്ടോ ആശുപത്രികൾ പ്രവർത്തിപ്പിക്കാവുന്നതാണ്:

(iii) ഈ നിലവാരങ്ങൾ വൈദ്യ പരിശോധന, രോഗനിർണ്ണയം, ഔഷധ നിർണയം, മരുന്നുകൾ വിതരണം ചെയ്യുന്നതു തുടങ്ങി രോഗ പരിചരണ സേവനങ്ങൾ നൽകുന്ന ഒരു ആയുർവേദ പ്രാക്ടീഷണർ/ സ്പെഷലിസ്റ്റ് ഡോക്ടർ/ ഒരു കൂട്ടം ഡോക്ടർമാർ നിയന്ത്രിക്കുന്ന ഒന്നോ അധികമോ ഡോക്ടർമാരുള്ള ക്ലിനിക്കുകൾക്കും ബാധകമാണ്.

(ബി) *പോളിക്ലിനിക്:* (i) വൈദ്യ പരിശോധന, രോഗനിർണ്ണയം, ഔഷധ നിർണയം, മരുന്നുകൾ വിതരണം ചെയ്യുന്നതു തുടങ്ങി രോഗ പരിചരണ സേവനങ്ങൾ നൽകുന്ന രണ്ടോ അധികമോ ഡോക്ടർമാരുള്ള ക്ലിനിക്കുകൾ;

(ii) ആരോഗ്യ വിദ്യാഭ്യാസത്തിനും ആരോഗ്യ അഭിവൃദ്ധിക്കും ആവശ്യമായ പ്രാഥമിക സേവനം നൽകുന്ന സ്ഥാപനങ്ങൾ;

(iii) പുനരധിവാസ സ്വഭാവമുള്ള ആരോഗ്യ പരിപാലന സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ;

(iv) മേൽ പറഞ്ഞ ആയുർവേദ വിഭാഗത്തിലെ ഏതെങ്കിലും സ്പെഷ്യാലിറ്റി ഉൾപ്പെടുത്തിയ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അടിസ്ഥാന നിലവാരങ്ങൾ ബാധകമാണ്.

(സി) *തെറാപ്പി സെന്റർ:* (i) ഈ വൈദ്യ പരിശോധന, രോഗനിർണ്ണയം, ഔഷധ നിർണയം, മരുന്നുകൾ വിതരണം ചെയ്യുന്നതു തുടങ്ങി രോഗ പരിചരണ സേവനങ്ങൾ നൽകുന്നതും, ആശുപത്രി വാസം ഇല്ലാതെ ഒ. പി അടിസ്ഥാനത്തിൽ ആയുർവേദ തെറാപ്പികൾ നൽകുന്നതുമായ ഒന്നോ അധികമോ ഡോക്ടർമാരുള്ള ക്ലിനിക്കുകൾ;

(ii) ആരോഗ്യ വിദ്യാഭ്യാസത്തിനും ആരോഗ്യ അഭിവൃദ്ധിക്കും ആവശ്യമായ പ്രാഥമിക സേവനം നൽകുന്നതോ;

(iii) പുനരധിവാസ സ്വഭാവമുള്ള ആരോഗ്യ പരിപാലന സേവനങ്ങൾ നൽകുന്നതോ ആയ സ്ഥാപനങ്ങൾക്ക് അടിസ്ഥാനനിലവാരം ബാധകമാണ്.

(ഡി) *സ്പെഷ്യാലിറ്റി സെന്റർ:* വൈദ്യ പരിശോധന, രോഗനിർണ്ണയം, ഔഷധ നിർണയം, മരുന്നുകൾ വിതരണം ചെയ്യുന്നതു തുടങ്ങി സ്പെഷാലിറ്റി രോഗ പരിചരണ സേവനങ്ങൾ നൽകുന്നതും, ഒന്നോ അധികമോ സ്പെഷാലിറ്റികൾ ഉള്ളതും ഒന്നോ അധികമോ സ്പെഷലിസ്റ്റ് ഡോക്ടർമാരുള്ള ക്ലിനിക്കുകൾക്കോ ആരോഗ്യ വിദ്യാഭ്യാസത്തിനും ആരോഗ്യ അഭിവൃദ്ധിക്കും ആവശ്യമായ പ്രാഥമിക

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സേവനം നൽകുന്നതോ പുനരധിവാസ സ്വഭാവമുള്ള ആരോഗ്യ പരിപാലന സേവനങ്ങൾ നൽകുന്നതോ മേൽ പറഞ്ഞ ആയുർവേദ വിഭാഗത്തിലെ ഏതെങ്കിലും സ്പെഷാലിറ്റി ഉൾപ്പെടുത്തിയതോ ആയ സ്ഥാപനങ്ങൾക്ക് അടിസ്ഥാനനിലവാരം ബാധകമാണ്.

(ഇ) *ആശുപത്രികൾ:* വൈദ്യ പരിശോധന, രോഗനിർണ്ണയം, ഔഷധ നിർണയം, മരുന്നുകൾ വിതരണം ചെയ്യുന്നതു തുടങ്ങി ജനറൽ/ സ്പെഷാൽറ്റി രോഗ പരിചരണ സേവനങ്ങൾ നൽകുന്നതും, ഐ.പി സേവനങ്ങളോട് കൂടിയതും ഒന്നോ അധികമോ ഡോക്ടർ/ സ്പെഷ്യലിസ്റ്റ് ഉള്ളതും ആയ ആശുപത്രികൾക്കോ ആരോഗ്യ വിദ്യാഭ്യാസത്തിനും ആരോഗ്യ അഭിവൃദ്ധിക്കും ആവശ്യമായ പ്രാഥമിക സേവനങ്ങൾ നൽകുന്നതോ പുനരധിവാസ സ്വഭാവമുള്ള ആരോഗ്യ പരിപാലന സേവനങ്ങൾ നൽകുന്നതോ മേൽ പറഞ്ഞ ആയുർവേദ വിഭാഗത്തിലെ ഏതെങ്കിലും സ്പെഷാലിറ്റി ഉൾപ്പെടുത്തിയതോ ആയ സ്ഥാപനങ്ങൾക്ക് അടിസ്ഥാനനിലവാരങ്ങൾ ബാധകമാണ്.

<u>കുറിപ്പ്</u> : ജനറൽ വിഭാഗം മാത്രമായോ/സ്പെഷാലിറ്റി വിഭാഗം മാത്രമായോ/പല സ്പെഷാലിറ്റികൾ ഉൾപ്പെടുത്തി കൊണ്ടോ ആശുപത്രികൾ പ്രവർത്തിപ്പിക്കാവുന്നതാണ്.

(2) **അടിസ്ഥാന സൗകര്യങ്ങൾ:—**

(i) രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ജീവനക്കാർക്കും സന്ദർശകർക്കും സുരക്ഷിതവും സംരക്ഷിതവുമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായുള്ള ഭൗതിക സൗകര്യം ഒരുക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്. വൃത്തിയുള്ള പരിസരത്താണ് സ്ഥാപനം സ്ഥിതി ചെയ്യേണ്ടത്. കൂടാതെ അതാത് സമയം പ്രാബല്യത്തിൽ ഉള്ള പ്രാദേശിക നിയമങ്ങൾ പാലിക്കുകയും ചെയ്യേണ്ടതാണ്.

(ii) അടിസ്ഥാന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ സ്ഥലത്തിന്റെ ആവശ്യകത ആശുപത്രികൾ ഒഴികെ ഉള്ളവയ്ക്ക് അനുബന്ധം 1 അനുസരിച്ചും ആശുപത്രികൾക്ക് അനുബന്ധം 7 അനുസരിച്ചും, സ്പെഷാലിറ്റി സെന്ററുകൾക്ക് അനുബന്ധം 16അനുസരിച്ചും ഉണ്ടായിരിക്കണം.

(iii) ക്ലിനിക്കിനകവശം നന്നായി പ്രകാശമുള്ളതും, വായുസഞ്ചാരമുള്ളതും, വൃത്തിയുള്ളതും മതിയായ ജലവിതരണം ഉള്ളതും ആയിരിക്കണം.

(iv) ക്ലിനിക്കിന്റെ പ്രവേശന കവാടത്തിലോ കെട്ടിടത്തിലോ ക്ലിനിക്കിന്റെ പേര് പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിക്കുന്ന ഒരു പ്രധാന ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) പ്രദേശത്തെ ആളുകൾക്ക് മനസ്സിലാകുന്ന ഭാഷയിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമായി പ്രദർശിപ്പിക്കേണ്ടതാണ്, അതായത്:—

(എ) രജിസ്ട്രേഷൻ നമ്പരും യോഗ്യതയും ഉൾപ്പെടെ ഡോക്ടറുടെ പേര്, ഡ്യൂട്ടി സമയം;

(ബി) ക്ലിനിക്കുകളുടെ സമയം;

(സി) ബന്ധപ്പെടേണ്ട നമ്പർ;

(ഡി) നൽകുന്ന സേവനങ്ങളും അവയ്ക്കുള്ള നിരക്കുകളും.

<u>കുറിപ്പ്</u> 1:— ആശുപത്രികളിൽ ഇവ കൂടാതെ ക്ലിനിക്കൽ രജിസ്ട്രേഷൻ നമ്പർ, ബെഡ്ഡുകളുടെ എണ്ണം, നൽകുന്ന ചികിത്സകൾ, അവയുടെ സമയം, ഇൻവെസ്റ്റിഗേഷൻ സേവനങ്ങൾ എന്നിവയും പ്രദർശിപ്പിച്ചിരിക്കണം. വിഭാഗം 3 മുതൽ 5 വരെയുള്ള ആശുപത്രികളിൽ കെട്ടിടത്തിന്റെ ലേ ഔട്ട് കൂടി പ്രദർശിപ്പിക്കേണ്ടതാണ്.

<u>കുറിപ്പ്</u> 2 **:** ഡേ സർജറി സെന്ററിൽ പ്രദർശിപ്പിക്കേണ്ട അധിക വിവരങ്ങൾ:—

(i) കോർപ്പറേഷൻ/മുനിസിപ്പൽ/ക്ലിനിക്കൽ എസ്റ്റാബ്ലിഷ് മെന്റ് ആക്ട് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്;

(ii) കൺസൾട്ടേഷനും മറ്റ് നടപടിക്രമങ്ങൾക്കും സേവനങ്ങൾക്കുമുള്ള നിരക്കുകൾ;

(iii) ക്ലിനിക്ക് സമയങ്ങൾ, അവധിദിവസങ്ങൾ;

(iv) സ്പെഷലിറ്റികൾക്ക് വേണ്ടിയുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ (നൽകുന്ന സ്പെഷാലിറ്റി സേവനങ്ങൾക്കും, സേവനത്തിന്റെ വ്യാപ്തിക്കും അനുസരിച്ച്).

(vi) ഓപ്പറേഷൻ തീയേറ്റർ (ഒ. ടി.)-നു വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ:

(എ) ഓപ്പറേഷൻ തീയേറ്റർ സമുച്ചയത്തിന് ഉചിതമായ സോണിംഗ് ഉണ്ടായിരിക്കേണ്ടതാണ്;

(ബി) ഓപ്പറേഷൻ തിയേറ്റർ സമുച്ചയത്തിൽ നഴ്സിംഗ് സ്റ്റേഷൻ, ഡോക്ടറുടെ ഡ്യൂട്ടി റൂം, സ്ക്രബ് സ്റ്റേഷൻ, അണുവിമുക്തമായ സ്റ്റോർ, ക്ലീൻ ആൻഡ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഡർട്ടിയൂട്ടിലിറ്റി, ഡ്രസ്ചേഞ്ച്റൂമുകൾ, ടോയ്‌ലറ്റുകൾ എന്നിവയ്ക്ക് അനുയോജ്യമായ ഇടം ഉണ്ടായിരിക്കേണ്ടതാണ്;

(സി) അണുവിമുക്തമായ ഭാഗം—ഓപ്പറേറ്റിംഗ്റൂമും, സ്റ്റോറും അനസ്തേഷ്യ മുറിയും ഉൾക്കൊള്ളണം:

(ഡി) ക്ലീൻ സോൺ-ഉപകരണങ്ങൾ/മെഡിക്കൽ സ്റ്റോർ, സ്ക്രബ്ഏരിയ, ശസ്ത്രക്രിയയ്ക്കു മുമ്പും ശേഷവുമുള്ള മുറികൾ, ലിനൻ ബേ എന്നിവ അടങ്ങിയിരിക്കണം;

(ഇ) പ്രൊട്ടക്റ്റീവ്സോൺ—വസ്ത്രം മാറുന്ന മുറി, ഡോക്ടറുടെ മുറി, അനസ്തെറ്റിക്പ്രീ-ചെക്കപ്പ് റൂം, ടോയ്‌ലറ്റുകൾ എന്നിവ ഉൾക്കൊള്ളണം;

(എഫ്) മാലിന്യ നിർമാർജന ഭാഗം—ഡർട്ടി യൂട്ടിലിറ്റി, ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ്, പാത്തോളജിക്കൽ സാമ്പിൾ ട്രാൻസ്പോർട്ട്;

(ജി) ജീവനക്കാർക്കും രോഗികൾക്കും അനുയോജ്യമായ അണുവിമുക്തമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായി ഉചിതമായ പരിഗണന നൽകണം;

(എച്ച്) പ്രീ-ഓപ്പറേറ്റീവ്റൂമിന്റെയും റിക്കവറി റൂമിന്റെയും വാതിലുകൾക്ക് 1 . 5 മീറ്റർ വീതി ഉണ്ടായിരിക്കേണ്ടതാണ്;

(ഐ) എയർ ഫിൽട്ടറേഷനും എയർ കണ്ടീഷനിംഗിനും ഉചിതമായ ക്രമീകരണങ്ങൾ എല്ലാ പ്രദേശങ്ങളിലും ഉണ്ടായിരിക്കേണ്ടതാണ്;

(ജെ) ഓപ്പറേഷൻ തീയറ്ററിലെ താപനിലയും ഈർപ്പവും നിരീക്ഷിക്കേണ്ടതാണ്;

(കെ) എല്ലാ ഓപ്പറേഷൻ തീയറ്ററുകളിലും ഓക്സിജൻ, നൈട്രസ്ഓക്സൈഡ്, സക്ഷൻ, കംപ്രസ്ഡ്എയർ സപ്ലൈ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്:

(എൽ) ഷാഡോ-ലെസ് ലൈറ്റ് പോലുള്ള ആവശ്യമായ എല്ലാ ഉപകരണങ്ങളും പ്രവർത്തന അവസ്ഥയിൽ ആയിരിക്കേണ്ടതാണ്;

(എം) തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉണ്ടായിരിക്കേണ്ടതാണ്.

(vii) മൈനർ ഓപ്പറേഷൻ തിയേറ്റർ: ഡേ സർജറി പ്രോസീജറുകൾ, മൈനർ ശസ്ത്രക്രിയകൾ, അഗ്നികർമ്മ, ക്ഷാരകർമ്മ, ജാലുകാവചരണ തുടങ്ങിയ അനുശസ്ത്രക്രിയകൾ ചെയ്യുന്ന സ്ഥലം

(viii) ക്രിയാകല്പ റൂം— ഡേ സർജറി യൂണിറ്റുകളുടെ ഭാഗമായോ, ശല്യതന്ത്ര, ശാലാക്യതന്ത്ര, പ്രസൂതിതന്ത്ര തുടങ്ങിയ സ്പെഷാലിറ്റികളുടെ ഭാഗമായോ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ത്വക്ക് രോഗ, ആയുർവേദ കൊസ്മെടോളജി തുടങ്ങിയ സ്ഥാപനങ്ങളിൽ പ്രത്യേക ചികിത്സകൾ ചെയ്യാനുള്ള സ്ഥലം.

(ix) ഒബ്സ്റ്റെട്രിക്കൽ യൂണിറ്റ് (പ്രസൂതിതന്ത്ര സ്പെഷലിറ്റി): പ്രസവ ആവശ്യങ്ങൾക്കും, പരിശോധനകൾക്കും, നിരീക്ഷണങ്ങൾക്കും വേണ്ടി അൽപ ദിവസങ്ങൾക്കായി ഗർഭിണിയെ പ്രവേശിപ്പിക്കുന്ന സ്ഥലം. ഇവിടെ താഴെ പറയുന്ന കാര്യങ്ങൾ പാലിക്കേണ്ടതാണ്;

(i) സ്വകാര്യത നൽകുകയും അണുബാധയിൽ നിന്നും ക്രോസ് അണുബാധയിൽ നിന്നും അമ്മമാർക്ക് ന്യായമായ സംരക്ഷണം നൽകേണ്ടതാണ്;

(ii) പ്രവേശന സ്ഥലത്ത് ഒരു റിസപ്ഷനും അന്വേഷണ ഏരിയയും എല്ലാ സൗകര്യങ്ങളോടും കൂടിയ ബൈസ്റ്റാൻഡർ വെയിറ്റിംഗ് ഏരിയയും ഉണ്ടായിരിക്കേണ്ടതാണ്;

(iii) മതിയായ കിടക്കകളും ഇരിപ്പിട സൗകര്യങ്ങളുമുള്ള ഒരു എക്സാമിനേഷൻ കം ട്രയേജ് റൂം, ചെറിയ നടപടിക്രമങ്ങൾക്കും അൾട്രാസൗണ്ട്സ്കാനിനുമുള്ള മൈനർ പ്രൊസീജർ റൂം, കട്ടിലുകൾ സ്വകാര്യത നൽകുന്നതിനായി പാർട്ടീഷൻ അല്ലെങ്കിൽ സ്ക്രീൻ ഉപയോഗിച്ച് വേർതിരിക്കേണ്ടതാണ്. നിരീക്ഷണത്തിലും ലേബർ റൂമിലും കഴിയുന്ന രോഗികൾക്ക് ആവശ്യമായ ടോയ്ലറ്റ് സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്:

(iv) നഴ്സിംഗ് സ്റ്റേഷനിൽ നിന്നു എല്ലാ രോഗികളുടെയും നിരീക്ഷണതിന് സാധിക്കണം;

(v) നവജാത ശിശുക്കൾക്കുള്ള റീസസിറ്റേഷൻ സൗകര്യങ്ങൾ പ്രസവചികിത്സാ വിഭാഗത്തിൽ നൽകണം, പ്രസവമുറിയിൽ നവജാത ശിശു പരിചരണ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്;

(vi) ലേബർ റൂമിൽ പ്രസവത്തിന്റെ എല്ലാ ഘട്ടങ്ങളിലും നിരീക്ഷണത്തിനും കണ്ടെത്തലുകൾ ചാർട്ട് ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ അടങ്ങിയിരിക്കണം. സപ്ലൈകൾക്കും ഉപകരണങ്ങൾക്കുമുള്ള സ്റ്റോറേജ് റൂമുകൾ, ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിനുള്ള സ്ഥലം ഉൾപ്പെടെ ക്ലീൻ &ഡർട്ടി യൂട്ടിലിറ്റി റൂമുകൾ എന്നിവ സജ്ജീകരിച്ചിരിക്കേണ്ടതാണ്;

(vii) ലേബർ റൂമിൽ ഓക്സിജനും സക്ഷനും സജ്ജീകരിച്ചിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ലേബർ റൂം (പ്രസൂതിതന്ത്ര സ്പെഷാലിറ്റി)**–പ്രസവ ആവശ്യത്തിനും പ്രവാസാനന്തര പരിചരണതിനുമായി ഗർഭിണിയെ പ്രവേശിപ്പിക്കുന്ന അണുവിമുക്തമായ സ്ഥലം എന്നർത്ഥമാകുന്നു. ആംബുലൻസ് പ്രവേശനത്തിനായി ലേബർ റൂം താഴത്തെ നിലയിൽ സ്ഥിതി ചെയ്യുന്നത് അനുയോജ്യമാണ്, ഇല്ലെങ്കിൽ ലിഫ്റ്റുകളോ റാമ്പുകളോ പടികളോ ഉള്ള എളുപ്പത്തിൽ ആക്സസ് ചെയ്യാവുന്ന സ്ഥലത്ത് ആയിരിക്കണം. ഇത് പ്രസവാനന്തരവാർഡുകൾ, അത്യാഹിത വിഭാഗം എന്നിവയുമായി ബന്ധിപ്പിച്ചിരിക്കണം. പ്രസവത്തിനു വേണ്ടിയുള്ള ടേബിളിനുള്ള സ്ഥലം 10. 5 ചതുരശ്ര മീറ്റർ ഉണ്ടായിരിക്കണം.

(3) **ഫർണിച്ചറുകളും ഫിക്സലേഴ്സും:—**

(i) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളും ജോലിഭാരവും അനുസരിച്ച് ഫർണിച്ചറുകളും ഫിക്സലേഴ്സും ഉണ്ടായിരിക്കേണ്ടതാണ്.

(ii) ഇവ എല്ലാ സമയത്തും പ്രവർത്തനനക്ഷമമായിരിക്കണം. ആശുപത്രികൾ ഒഴികെയുള്ളവയുടെ ഇനം അനുബന്ധം 2 പ്രകാരവും ആശുപത്രികളുടെ അനുബന്ധം 8 പ്രകാരവും ആയിരിക്കേണ്ടതാണ്.

(4) **മാനവവിഭവശേഷി ആവശ്യകതകൾ:—**

(i) സ്ഥാപനത്തിന്റെ വ്യാപ്തി അനുസരിച്ചുള്ള ഡോക്ടർ (ബി.എ.എം. എസ്)/സ്പെഷലിസ്റ്റ് ഡോക്ടർ (അതാത് സ്പെഷാലിറ്റിയിൽ ബിരുദാനന്തര ബിരുദം അഥവാ ഡിപ്ലോമ)/സംസ്ഥാന/കേന്ദ്ര മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.

(ii) മെഡിക്കൽ പ്രൊഫെഷനലുകൾ നൽകുന്ന സേവനങ്ങൾ, അവരുടെ യോഗ്യത, പരിശീലനം എന്നിവയ്ക്ക് അനുസൃതമായിരിക്കണം.

(iii) പാരാമെഡിക്കൽ വിഭാഗത്തിൽ നേഴ്സ് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ആയുർവേദ നഴ്സിംഗ് കോഴ്സും, ഫാർമസിസ്റ്റ് ആയുർവേദ ഫാർമസിസ്റ്റ് കോഴ്സും, തെറാപിസ്റ്റ് ആയുർവേദ തെറാപിസ്റ്റ് കോഴ്സും പാസ്സായിരിക്കണം.

(iv) ആശുപത്രികൾ ഒഴികെയുള്ള സ്ഥാപനങ്ങളുടെ മാനവവിഭവശേഷി ആവശ്യകതകൾ അനുബന്ധം 3 അനുസരിച്ചും ആശുപത്രികളുടേത് അനുബന്ധം 9 അനുസരിച്ചും ആയിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**(5) മെഡിക്കൽ ഉപകരണങ്ങളും സാമഗ്രികളും:—**

(i) ആശുപത്രികൾ ഒഴികെയുള്ള സ്ഥാപനങ്ങൾക്ക് അനുബന്ധം 4-ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരവും ആശുപത്രികൾക്ക് അനുബന്ധം 10 പ്രകാരവുമുള്ള മെഡിക്കൽ ഉപകരണങ്ങളും സാമഗ്രികളും ഉണ്ടായിരിക്കണം.

(ii) നൽകുന്ന സേവനത്തിന്റെ വ്യാപ്തിക്ക് അനുസൃതമായ മറ്റ് ഉപകരണങ്ങളും ലഭ്യമായിരിക്കേണ്ടതാണ്.

(iii) എല്ലാ ഉപകരണങ്ങളും എല്ലാ സമയത്തും പ്രവർത്തനക്ഷമമായിരിക്കേണ്ടതും ഉപകരണങ്ങളുടെ ആനുകാലിക പരിശോധന, വൃത്തിയാക്കൽ, അറ്റകുറ്റപ്പണികൾ എന്നിവ കൃത്യമായി നടത്തേണ്ടതുമാണ്.

**(6) പിൻതുണ സേവനങ്ങൾ (സപ്പോർട്ടിംഗ് സർവ്വീസസ്):—**

(i) ക്ലിനിക്കൽ സ്ഥാപനത്തിന്റെ ഉദ്ദേശ്യം അനുസരിച്ച് രോഗിപരിചരണത്തിനും സേവന ആവശ്യങ്ങൾക്കും അല്ലെങ്കിൽ വിവിധ ചികിത്സാ രീതികൾ ഉണ്ടെങ്കിൽ അതനുസരിച്ച് സപ്പോർട്ടിംഗ് സ്റ്റാഫ് ആവശ്യമാണ്.

(ii) ആശുപത്രികളിൽ രജിസ്ട്രേഷൻ കൗണ്ടർ/ ബില്ലിംഗ് കൗണ്ടർ/ ഹെല്പ് ഡസ്ക് ഉണ്ടായിരിക്കേണ്ടതാണ്.

(iii) ആശുപത്രികളിൽ ആംബുലൻസ്, ലബോറട്ടറി, ലോണ്ട്രി, തുടങ്ങിയ സേവനങ്ങൾ സ്ഥിരമായോ ഓൺ കാൾ ആയോ ഉണ്ടായിരിക്കേണ്ടതാണ്.

**(7) നിയമാനുസൃതമായ ആവശ്യകതകൾ:—**

(i) കേന്ദ്ര/സംസ്ഥാന മെഡിക്കൽ കൗൺസിലിൽ ഡോക്ടർ/ഡോക്ടർമാരുടെ രജിസ്ട്രേഷൻ നിർബന്ധമാണ്.

(ii) നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് മാലിന്യം സംസ്കരിക്കേണ്ടതാണ്.

(iii) നിയമപരമായ ആവശ്യകതകളുടെ ഇനങ്ങൾ അനുബന്ധം 11 പ്രകാരമായിരിക്കുന്നതാണ്.

**(8) റെക്കോർഡ് മെയിന്റനൻസും റിപ്പോർട്ടിംഗും:—**

(i) ഓരോ ക്ലിനിക്കൽ സ്ഥാപനവും ചികിത്സിച്ച രോഗികളുടെ മെഡിക്കൽ റെക്കോർഡുകളും ആരോഗ്യ വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും സൂക്ഷിക്കുകയും അധികാരികൾ ആവശ്യപ്പെടുകയാണെങ്കിൽ അത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. മെഡിക്കൽ റെക്കോർഡുകൾ മറ്റ് ഉള്ളടക്കങ്ങൾ, റിപ്പോർട്ടുകൾ അനുബന്ധം 12 മുതൽ 15 പ്രകാരം സൂക്ഷിക്കേണ്ടതാണ്.

(ii) എല്ലാ രേഖകളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും പകർപ്പുകൾ ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അല്ലെങ്കിൽ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 2018-ന് കീഴിൽ നിലവിലുള്ള മറ്റേതെങ്കിലും പ്രസക്തമായ നിയമവ്യവസ്ഥയ്ക്ക് അനുസൃതമായി ഒരു നിശ്ചിത കാലയളവിലേക്ക് ബന്ധപ്പെട്ട ക്ലിനിക്കൽ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

(iii) അടിയന്തിര സാഹചര്യങ്ങളിലോ അല്ലെങ്കിൽ ദുരന്തങ്ങളോ, പകർച്ചവ്യാധികളോ ഉണ്ടാകുമ്പോഴോ, അല്ലെങ്കിൽ അധികാരികൾ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന സമയത്തോ, വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും സമർപ്പിക്കുന്നതിന് എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കും ഉത്തരവാദിത്തമുണ്ട്.

(iv) ചികിത്സാ രേഖകളും മറ്റ് അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്.

(9) **അടിസ്ഥാന പ്രക്രിയകൾ:—**

(i) <u>രജിസ്ട്രേഷൻ—</u>ക്ലിനിക്ക് സന്ദർശിക്കുന്ന ഓരോ രോഗിയും രജിസ്റ്റർ ചെയ്യുകയും വിശദാംശങ്ങൾ രേഖപ്പെടുത്തുകയും വേണം.

(ii) <u>പരിശോധന–</u>(എ) ഓരോ രോഗിയേയും പരിശോധനയ്ക്ക് വിധേയരാക്കേണ്ടതാണ്. പരിശോധനവേളയിൽ രോഗിയുടെ രോഗത്തെ സംബന്ധിച്ച കണ്ടെത്തലുകൾ, പരിശോധനാ ഫലങ്ങൾ, രോഗനിർണയം, മരുന്നുകൾ, ചികിത്സാക്രമങ്ങൾ എന്നിവ തിയതിയും സമയവും ചികിത്സകന്റെ ഒപ്പും സഹിതം ഒ. പി കുറിപ്പടിയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

(ബി) തയ്യാറാക്കിയ/ വിതരണം ചെയ്യുന്ന മരുന്നുകൾക്ക് ലേബലിംഗ് നടത്തേണ്ടതും അതിൽ മരുന്നിന്റെ പേര്, തയ്യാറാക്കിയ തീയതി, ഉപയോഗിക്കേണ്ട വിധം, മരുന്ന് കഴിക്കുന്നതിന്റെ ആവൃത്തി എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

(സി) മരുന്ന് നൽകുന്നതിനു മുമ്പ് ചുവടെപ്പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

(1) നിർദേശിച്ച മരുന്ന്;
(2) നിർദേശിച്ച മരുന്നിന്റെ ഡോസ്;
(3) കാലഹരണപ്പെടുന്ന തീയതി;
(4) ലേബലുകൾ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>കുറിപ്പ്:</u> ആശുപത്രികളിൽ രോഗസാഹചര്യത്തിനനുസരിച്ചുള്ള സേവനങ്ങൾ ലഭ്യമല്ലെങ്കിൽ/കിടക്ക ലഭ്യമല്ലെങ്കിൽ, രോഗിയുടെ രോഗവിവരണം/ കുറിപ്പടി/റഫറൽ ലെറ്ററോട് കൂടി അതിനു സൗകര്യമുള്ള അടുത്തുള്ള ചികിത്സ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്നതിനുള്ള റഫറൽ സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

<u>(iii) അണുബാധ നിയന്ത്രണം</u>:

(എ) കൈകളുടെ ശുചിത്വം ഉൾപ്പെടെയുള്ള അണുബാധ നിയന്ത്രിക്കുന്നതിനുള്ള എല്ലാ മുൻകരുതലുകളും ക്ലിനിക്കൽ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

(ബി) സ്ഥാപനത്തിന്റെ പ്രവർത്തന സമയത്തിനുടനീളം കൈകഴുകുന്നതിനായി ശുദ്ധജലലഭ്യതയുള്ള ടാപ്പ് സ്ഥാപനത്തിൽ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(സി) ക്ലിനിക്കിന്റെ പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

(ഡി) ടോയ് ലെറ്റുകൾ എല്ലായ് പ്പോഴും വൃത്തിയായും അണുവിമുക്തമായും സൂക്ഷിക്കേണ്ടതാണ്.

(ഇ) എല്ലാ പ്രദേശങ്ങളും അണുനാശിനി ഉപയോഗിച്ച് ദിവസത്തിൽ ഒരിക്കലെങ്കിലും വൃത്തിയാക്കേണ്ടതാണ്.

(iv) സുരക്ഷാ പരിഗണനകൾ:—രോഗിയുടെ സുരക്ഷയ്ക്കുള്ള എല്ലാ മുൻകരുതലുകളും എടുക്കേണ്ടതും കീടങ്ങളെയും കൊതുകുകളെയും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(v) ബയോമെഡിക്കൽ മാലിന്യ സംസ്കരണം:—ബയോമെഡിക്കൽ മാലിന്യങ്ങൾ ബയോമെഡിക്കൽ വെയ്സറ്റ് മാനേജ്മന്റ് ആൻഡ് ഹാൻഡ് ലിംഗ് റൂൾസ് പ്രകാരം കൈകാര്യം ചെയ്യേണ്ടതാണ്.

(vi) <u>പ്രഥമശുശ്രൂഷ:—</u>

(എ) പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള ആവശ്യമായ സൗകര്യം ഉണ്ടായിരിക്കണം.

(ബി) ആംബുലൻസ്, ആശുപത്രി എന്നിവയുമായി ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(10) ***രോഗിയുടെ അവകാശങ്ങൾ ഉത്തരവാദിത്വങ്ങൾ:—*** രോഗിയുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും ചികിത്സകന്റെ ഉത്തരവാദിത്വങ്ങൾ പൂർണമായി നിർവഹിക്കപ്പെടുന്നതിനും ചികിത്സാ കേന്ദ്രത്തിന്റെ ഭാരവാഹികളും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചികിത്സകരും അനുബന്ധം 6-ൽ നൽകിയിട്ടുള്ള ധാർമ്മിക ചട്ടങ്ങൾ (കോഡ് ഓഫ് എത്തിക്സ് റെഗുലേഷൻസ്). കൃത്യമായി പാലിക്കേണ്ടതാണ്.

## അനുബന്ധം 1

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

[ചട്ടം 4(2) (ii) കാണുക]

| ക്രമ നം. | ലൊക്കേഷൻ | ഏരിയ | ക്ലിനിക് | പോളിക്ലിനിക് | തെറാപ്പി സെൻ്റർ | സ്പെഷ്യാലിറ്റി സെൻ്റർ |
|---|---|---|---|---|---|---|
| 1 | കോമൺ ഏര്യ<br>(സ്വീകരണവും മരുന്നു വിതരണവും) | 30 ചതുരശ്ര അടി | നിർബന്ധം | നിർബന്ധം | നിർബന്ധം | നിർബന്ധം |
| 2 | കൺസൾട്ടേഷൻ റൂം | 40 ചതുരശ്ര അടി | നിർബന്ധം | നിർബന്ധം | നിർബന്ധം | നിർബന്ധം |
| 3 | ശുചിമുറിയുള്ളചികിത്സാമുറി | 100 ചതുരശ്ര അടി | നിർബന്ധമില്ല | നിർബന്ധമില്ല | നിർബന്ധം | ആവശ്യമെങ്കിൽ |

കുറിപ്പ്: സ്വീകരണം, കാത്തിരിപ്പ്, കൺസൾട്ടേഷൻ റൂം, സംഭരണം തുടങ്ങിയവ ക്ലിനിക്കിന്റെ ആവശ്യത്തിനും ജോലി ഭാരത്തിനും പര്യാപ്തമായിരിക്കണം. ഡിസ്പെൻസിങ് ഏരിയ കൺസൾട്ടിംഗ് ഏരിയയിൽ നിന്നും വെയിറ്റിംഗ് ഏരിയയിൽ നിന്നും ദൃഢമായ പാർട്ടീഷൻ ഉപയോഗിച്ച് വേർതിരിക്കേണ്ടതാണ്. ആവശ്യത്തിന് വെളിച്ചവും, വെന്റിലേഷനും, സ്വകാര്യതയും ഉറപ്പാക്കുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 2

<u>ഫർണിച്ചറുകളും ഫിക്സലേഴ്സും</u>

[ചട്ടം 4(3) (ii) കാണുക]

| ക്രമ നം. | വിശദാംശങ്ങൾ | ക്ലിനിക് | പോളിക്ലിനിക് | തെറാപ്പി സെൻറർ | സ്പെഷ്യാലിറ്റി സെൻറർ |
|---|---|---|---|---|---|
| 1 | കൺസൽട്ടേഷൻ മേശ | 1 | 1/ ഒ. പി | 1 | 1 |
| 2 | ഡോക്ടർക്കുള്ള ചെയർ | 1 | 1/ ഒ. പി | 1 | 1 |
| 3 | രോഗിക്കു കസേര | 1 | 1/ ഒ. പി | 1 | 1 |
| 4 | കാത്തിരിപ്പ് കസേര | ആവശ്യത്തിന് | ആവശ്യത്തിന് | ആവശ്യത്തിന് | ആവശ്യത്തിന് |
| 5 | പരിശോധനമേശ | 1 | 1/ ഒ. പി | 1 | 1 |
| 6 | മരുന്ന്സംഭരണത്തിന് ഫർണിച്ചറുകൾ | ആവശ്യത്തിന് | ആവശ്യത്തിന് | ആവശ്യത്തിന് | ആവശ്യത്തിന് |
| 7 | മരുന്ന് വിതരണത്തിന് ഫർണിച്ചറുകൾ | ആവശ്യത്തിന് | ആവശ്യത്തിന് | ആവശ്യത്തിന് | ആവശ്യത്തിന് |
| 8 | സ്പെഷ്യാലിറ്റി സേവനങ്ങൾക്കുള്ള സൈനേജ് | ആവശ്യത്തിന് | ആവശ്യത്തിന് | ആവശ്യത്തിന് | ആവശ്യത്തിന് |
| 9 | തെറാപ്പിമേശ/തോണി | 0 | 0 | 1 | 0 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അനുബന്ധം 3**

<u>ആവശ്യമായ മാനവവിഭവശേഷി</u>

[ചട്ടം 4(4) (iv) കാണുക]

| ക്രമ നമ്പർ | പോസ്റ്റ് | ക്ലിനിക് | പോളിക്ലിനിക് | തെറാപ്പി സെൻറർ | സ്പെഷ്യാലിറ്റി സെൻറർ |
|---|---|---|---|---|---|
| 1 | ഡോക്ടർ | 1 | 1/ ഒ. പി | 1 | 1 |
| 2 | സഹായി | 0/1 | 1 | 0/1 | 0/1 |
| 3 | തെറാപ്പിസ്റ്റ് (സ്ഥിരം/ ഓൺകാൾ) | ആവശ്യമില്ല | ആവശ്യമില്ല | 1ആൺ /1പെൺ നിർബന്ധം | സേവനത്തിന്റെ വ്യാപ്തി അനുസരിച്ച് |

**അനുബന്ധം 4**

<u>ആവശ്യമായ ഉപകരണങ്ങൾ</u>

[ചട്ടം 4(5) (i) കാണുക]

| ക്രമ നമ്പർ | ഉപകരണത്തിന്റെ പേര് | ക്ലിനിക് | പോളിക്ലിനിക് | തെറാപ്പി സെൻറർ | സ്പെഷ്യാലിറ്റി സെൻറർ |
|---|---|---|---|---|---|
| 1 | സ്റ്റെതസ്കോപ്പ് | 1 | 1/ ഒ. പി | 1 | 1 |
| 2 | തെർമോമീറ്റർ | 1 | 1/ ഒ. പി | 1 | 1 |
| 3 | ടോർച്ച് (ഫ്ലാഷ് ലൈറ്റ്) | 1 | 1/ ഒ. പി | 1 | 1 |
| 4 | സ്ഫിഗ്മോമാനോമീറ്റർ | 1 | 1/ ഒ. പി | 1 | 1 |
| 5 | വെയിംഗ് മെഷീൻ (രോഗികൾക്ക്) | 1 | 1/ ഒ. പി | 1 | 1 |
| 6 | ഇലക്ട്രോണിക്ക് വെയിംഗ് മെഷീൻ (മരുന്ന് അളക്കാൻ) | 1 | 1 | 1 | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 5

<u>രജിസ്റ്ററുകൾ</u>

[ചട്ടം 4(5) (iv) കാണുക]

| ക്രമ നമ്പർ | രജിസ്റ്ററിന്റെ പേര് | ക്ലിനിക് | പോളിക്ലിനിക് | തെറാപ്പി സെൻറർ | സ്പെഷ്യാലിറ്റി സെൻറർ |
|---|---|---|---|---|---|
| 1 | ഒ.പി രജിസ്റ്റർ | 1 | 1/ ഒ. പി | 1 | 1 |
| 2 | മെഡിസിൻ രജിസ്റ്റർ | 1 | 1/ ഒ. പി | 1 | 1 |
| 3 | ഉപകരണ രജിസ്റ്റർ | 1 | 1 | 1 | 1 |
| 4 | ക്രിയാക്രമ രജിസ്റ്റർ | 0/1 | 0/1 | 1 | 1 |

## അനുബന്ധം 6

<u>രോഗിയുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും</u>

[ചട്ടം 4(10) കാണുക]

ഒരു രോഗിക്കും അവന്റെ/അവളുടെ പ്രതിനിധിക്കും ക്ലിനിക്കൽ സ്ഥാപനവുമായി ബന്ധപ്പെട്ട് ഇനി പറയുന്ന അവകാശങ്ങളുണ്ട്:

1. രോഗത്തിന്റെ സ്വഭാവം, രോഗകാരണം, നിർദ്ദേശിച്ച പരിശോധനകളും പരിചരണവും, ചികിത്സയുടെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ, സംഭവ്യമായ സങ്കീർണതകൾ, പ്രതീക്ഷിക്കുന്ന ചെലവുകൾ എന്നിവയെക്കുറിച്ചുള്ള പ്രസക്തമായ വിവരങ്ങൾ.

2. ചികിത്സയുടെ രഹസ്യസ്വഭാവം, മനുഷ്യന്റെ അന്തസ്സ്, സ്വകാര്യത എന്നിവയും ഉറപ്പുവരുത്തുക.

3. എച്ച്.ഐ.വി. പോലുള്ള രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ ചികിത്സയിലും പെരുമാറ്റത്തിലും വിവേചനം കാണിക്കാതിരിക്കുക.

4. ഉയർന്ന കേന്ദ്രത്തിലേക്ക് ഒരു റഫറൻസ് ആവശ്യമുള്ളപ്പോഴെല്ലാം, ശരിയായ റഫറൻസ് ലെറ്ററിനോടൊപ്പം അത് ചെയ്യണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>രോഗികളുടെ ഉത്തരവാദിത്തങ്ങൾ:</u>

1. ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും നൽകുക.

2. പരിശോധനയിലും ചികിത്സയിലും ഡോക്ടറുമായി സഹകരിക്കുക.

3. ചികിത്സയുമായി ബന്ധപ്പെട്ട എല്ലാ നിർദ്ദേശങ്ങളും പാലിക്കുക.

4. ആശുപത്രികൾ നിർദ്ദേശിക്കുന്ന ഫീസ് കൃത്യസമയത്ത് അടയ്ക്കുക.

5. വൈദ്യന്റെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും അന്തസ്സിനെ മാനിക്കുക.

6. ഒരിക്കലും വഴക്കോ അക്രമമോ ഉണ്ടാക്കരുത്.

7. രോഗിയിൽ നിന്നോ കൂടെയുള്ളവരിൽ നിന്നോ എന്തെങ്കിലും മോശമായ സ്വഭാവമോ പെരുമാറ്റമോ ഉണ്ടായാൽ നിയമപരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും.

## അനുബന്ധം 7

<u>ആശുപത്രികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ</u>

[ചട്ടം 4 (2) (ii) കാണുക]

ക്ലിനിക്കൽ എസ്റ്റാബ്ളിഷ്മെൻറ് ആക്ട് നടപ്പിലാക്കിയതിന് ശേഷം നിർമ്മിക്കുന്ന ആശുപത്രികൾക്ക് ഘടനാപരമായ മാറ്റങ്ങൾ ബാധകമായിരിക്കണം.

| വിശദ വിവരങ്ങൾ | വിഭാഗം 1 | വിഭാഗം 2 | വിഭാഗം 3 | വിഭാഗം 4 | വിഭാഗം 5 |
|---|---|---|---|---|---|
| ഒ. പി റൂം | 40 ചതുരശ്ര അടി | 40 ചതുരശ്ര അടി | 40 ചതുരശ്ര അടി | 40 ചതുരശ്ര അടി | 40 ചതുരശ്ര അടി |
| ഐ. പി വാർഡ് | 50 ചതുരശ്ര അടി/കിടക്ക | 50 ചതുരശ്ര അടി/ കിടക്ക | 50 ചതുരശ്ര അടി/ കിടക്ക | 50 ചതുരശ്ര അടി/ കിടക്ക | 50 ചതുരശ്ര അടി/ കിടക്ക |
| അടുക്കള | നിർബന്ധമില്ല | നിർബന്ധമില്ല | 100 ചതുരശ്ര അടി | 100ചതുരശ്ര അടി | 100 ചതുരശ്ര അടി |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആശുപത്രി മാനേജ്മെന്റിന് സൗകര്യപൂർവ്വം എത്ര ഒ.പി പ്രവർത്തിപ്പിക്കാമെന്ന് തീരുമാനിക്കാം, എന്നാൽ ഓരോ ഒ.പി സൗകര്യത്തിനും 40 ചതുരശ്ര അടിയും സ്വീകരണത്തിനും മരുന്ന് വിതരണം ചെയ്യുന്നതിനുമായി കുറഞ്ഞത് 30 ചതുരശ്ര അടി വിസ്തീർണ്ണവും ഉണ്ടായിരിക്കണം.

അടുക്കള : ഭക്ഷണം തയ്യാറാക്കാൻ പാകത്തിനുള്ള വിസ്തീർണ്ണം അടുക്കളയ്ക്ക് വേണം പാത്രങ്ങൾ കഴുകുന്ന സ്ഥലം പാചകം ചെയ്യുന്ന സ്ഥലത്തുനിന്ന് വേർതിരിക്കേണ്ടതാണ്. സ്ഥലം നല്ല വായുസഞ്ചാരവും വെളിച്ചവുമുള്ളതായിരിക്കണം, ചുവരുകളിൽ നനവോ ഫംഗസ് വളർച്ചയോ ഇല്ലാതെ വൃത്തിയായിരിക്കണം.

**വാർഡിലെ മറ്റ് ആവശ്യകതകൾ:**

1. ആൺ, പെൺ വാർഡ് ദൃഢമായ വിഭജനത്തോടെ വേർതിരിക്കേണ്ടതാണ്.
2. കിടക്കകൾ തമ്മിലുള്ള ദൂരം 1 മീറ്റർ ആയിരിക്കണം.
3. വാർഡിൽ നഴ്സിംഗ് സ്റ്റേഷൻ, ഡോക്ടർമാരുടെ ഡ്യൂട്ടി റൂം, വൃത്തിയുള്ളതും അഴുക്കായവയും സൂക്ഷിക്കുന്നതിനായി പ്രത്യേക മുറികൾ ഉണ്ടായിരിക്കണം,
4. 24 മണിക്കൂറും വൈദ്യുതിയും ജലവിതരണ സൗകര്യവും ഉണ്ടായിരിക്കണം.
5. രോഗികളുടെ കാത്തിരിപ്പ് കേന്ദ്രം, ടോയ്ലറ്റുകളുടെ എണ്ണം, ചികിത്സ മുറി തുടങ്ങിയവ ആശുപത്രിയുടെ വ്യാപ്തിയും കിടക്കയുടെ എണ്ണവും അനുസരിച്ച് ആവശ്യമാണ്.
6. വാതിലിന്റെ വീതി 1.2 മീറ്ററും ഇടനാഴിയുടെ വീതി 2.5 മീറ്ററും ആയിരിക്കണം

**അനുബന്ധം 8**

ഫർണിച്ചറുകളും സാമഗ്രികളും

[ചട്ടം 4(3) (ii)കാണുക]

| വിശദവിവരങ്ങൾ (ഒ.പി.) | വിഭാഗം1 | വിഭാഗം2 | വിഭാഗം3 | വിഭാഗം4 | വിഭാഗം5 |
|---|---|---|---|---|---|
| ഡോക്ടർക്ക് കസേര | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി |
| ഡോക്ടർക്കുള്ള ടേബിൾ | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി |
| രോഗിയുടെ കസേര | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി |
| പരിശോധനമേശ | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി |
| ഫൂട്ട്ഷെൽഫ് | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി |
| ഷെൽഫ്/സ്റ്റോറേജ്അലമാര | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി |
| വിശദവിവരങ്ങൾ(ഐ.പി.) | വിഭാഗം 1 | വിഭാഗം 2 | വിഭാഗം 3 | വിഭാഗം 4 | വിഭാഗം 5 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | |
|---|---|---|---|---|---|
| കട്ടിൽ- മരം/ഇരുമ്പ് | 10-1 | 25-11 | 50-26 | 100-51 | 100 ന്മുകളിൽ |
| ബെഡ്സൈഡ് ലോക്കർ/സ്റ്റോറേജ്ഷെൽഫ് | 1/കിടക്ക | 1/കിടക്ക | 1/കിടക്ക | 1/കിടക്ക | 1 /കിടക്ക |
| ഫോൾഡിംഗ്സ്ക്രീൻ | 1/കിടക്ക | 1/കിടക്ക | 1/കിടക്ക | 1/കിടക്ക | 1/കിടക്ക |
| ചികിത്സാ മേശ/ദ്രോണി | 1 | 1 | 2 | 2 | 4 |

**അനുബന്ധം 9**

ആശുപത്രികളുടെ മാനവ വിഭവശേഷി ആവശ്യകതകൾ

[ചട്ടം 4(4) (iv) കാണുക]

| കാറ്റഗറി | വിഭാഗം 1 | വിഭാഗം 2 | വിഭാഗം 3 | വിഭാഗം 4 | വിഭാഗം 5 |
|---|---|---|---|---|---|
| മെഡിക്കൽസൂപ്രണ്ട് | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | 1 | 1 |
| ആർ.എം.ഒ | ബാധകമല്ല | ബാധകമല്ല | 1 | 1 | 1 |
| *ഡോക്ടർ/സ്പെഷ്യലിസ്റ്റ് | 1 | 2 | 2 | 3 | 5 |
| നഴ്സ് | 1 | 1 | 2 | 2 | 4 |
| **തെറാപ്പിസ്റ്റ് പെൺ/ആൺ | 1 | 2 | 3 | 5 | 7 |
| മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | 1 |
| ഫാർമസിസ്റ്റ് | ബാധകമല്ല | ബാധകമല്ല | 1 | 2 | 2 |
| വിവിധോദ്ദേശ തൊഴിലാളി | 1 | 2 | 2 | 2 | 3 |
| ക്ലീനിംഗ്സ്റ്റാഫ് | 1 | 1 | 2 | 2 | 4 |
| കുക്ക് | ഓൺ കോൾ | ഓൺ കോൾ | ഓൺ കോൾ | 1 | 2 |

<u>കുറിപ്പ്</u>: എല്ലാ മനുഷ്യവിഭവശേഷിയും ആശുപതിയിൽ ഉണ്ടായിരിക്കണമെന്നില്ല, പകരം ഓൺ കോൾ എം.ബി.ബി.എസ്. ഡോക്ടർ/ ഒ.ടി. ടെക്നീഷൻ പോലെയുള്ളത് സമയത്തിനു ലഭ്യമാക്കിയാൽ മതിയാകും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 10

മെഡിക്കൽ ഉപകരണങ്ങൾ – ഒ.പി.ഡി

[ചട്ടം 4 (5) (I) കാണുക]

| വിശദവിവരങ്ങൾ | വിഭാഗം1 | വിഭാഗം2 | വിഭാഗം3 | വിഭാഗം4 | വിഭാഗം5 |
|---|---|---|---|---|---|
| സ്റ്റെതസ്കോപ്പ് | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി |
| ബി.പി.ഉപകരണം | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി |
| ടോർച്ച് | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി |
| തെർമോമീറ്റർ | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി |
| ടങ്ങ്ഡിപ്രസർ | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി |
| വെയിംഗ് മെഷീൻ (രോഗിക്ക്) | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി |
| ഇലക്ട്രോണിക്ക് വെയിംഗ് മെഷീൻ (മരുന്ന് അളക്കാൻ) | 1 | 1 | 1 | 1 | 1 |
| മെഷറിംഗ് ടേപ്പ് | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി |
| ക്നീ ഹാമർ | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി |
| എക്സ്-റേ വ്യൂവർ | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി |
| പരിശോധന മേശ | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി |
| പൾസ്ഓക്സിമീറ്റർ | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി | 1 /ഒ. പി |

## മെഡിക്കൽ ഉപകരണങ്ങൾ-ഐ.പി.ഡി

| വിശദവിവരങ്ങൾ | വിഭാഗം1 | വിഭാഗം2 | വിഭാഗം3 | വിഭാഗം4 | വിഭാഗം5 |
|---|---|---|---|---|---|
| സ്റ്റെതസ്കോപ്പ് | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| ബി.പി ഉപകരണം | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| ടോർച്ച് | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| തെർമോമീറ്റർ | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | |
|---|---|---|---|---|---|
| മെഷറിംഗ് ടേപ്പ് | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| വെയിംഗ് മെഷീൻ (രോഗിക്ക്) | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| ഇലക്ട്രോണിക്ക് വെയിംഗ് മെഷീൻ (മരുന്ന് അളക്കാൻ) | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| ക്നീ ഹാമർ | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| മെഡിസിൻ ട്രോളി | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| സ്ട്രെച്ചർ | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| ട്രോളി | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| വീൽചെയർ | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| യൂറിൻ പാൻ | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| ബെഡ്പാൻ | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |
| ഡ്രെസ്സിംഗ് സെറ്റ് | 1 | 1 | 1/ വാർഡ് | 1/ വാർഡ് | 1/ വാർഡ് |

## അനുബന്ധം 11

### നിയമപരവും നിർബന്ധിതവുമായ രജിസ്ട്രേഷനുകൾ

[ചട്ടം 4(7) (iii) കാണുക]

| വിശദവിവരങ്ങൾ | വിഭാഗം1 | വിഭാഗം2 | വിഭാഗം3 | വിഭാഗം4 | വിഭാഗം5 |
|---|---|---|---|---|---|
| ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് രജിസ്ട്രേഷൻ | നിർബന്ധം | നിർബന്ധം | നിർബന്ധം | നിർബന്ധം | നിർബന്ധം |
| ബി.എം.ഡബ്ല്യു -പി.സി.ബി രജിസ്ട്രേഷൻ | നിർബന്ധം | നിർബന്ധം | നിർബന്ധം | നിർബന്ധം | നിർബന്ധം |
| ബന്ധപ്പെട്ട അധികാരികളിൽ നിന്ന് നിർബന്ധിത ലൈസൻസുകൾ | നിർബന്ധം | നിർബന്ധം | നിർബന്ധം | നിർബന്ധം | നിർബന്ധം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 12

റെക്കോർഡ് മെയിന്റനൻസും റിപ്പോർട്ടിംഗും

[ചട്ടം 4(8) (I) കാണുക]

| വിശദവിവരങ്ങൾ | വിഭാഗം1 | വിഭാഗം2 | വിഭാഗം3 | വിഭാഗം4 | വിഭാഗം5 |
|---|---|---|---|---|---|
| അറ്റൻഡൻസ് രജിസ്റ്റർ | 1 | 1 | 1 | 1 | 1 |
| ഒ. പി കേസ് രജിസ്റ്റർ | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി | 1 / ഒ. പി |
| ഐ.പി.കേസ് റെക്കോർഡ് | 1 | 1 | 1/വാർഡ് | 1/വാർഡ് | 1/വാർഡ് |
| ക്രിയാക്രമ രജിസ്റ്റർ | 1 | 1 | 1/വാർഡ് | 1/വാർഡ് | 1/വാർഡ് |
| മെഡിസിൻ രജിസ്റ്റർ | 1 | 1 | 1 | 1 | 1 |
| ഉപകരണ രജിസ്റ്റർ | 1 | 1 | 1 | 1 | 1 |
| ജനന-മരണരജിസ്റ്റർ | 1 | 1 | 1 | 1 | 1 |
| ഹൗസ് കീപ്പിംഗ് രജിസ്റ്റർ | 1 | 1 | 1 | 1 | 1 |
| ഡ്യൂട്ടി രജിസ്റ്റർ | 1 | 1 | 1 | 1 | 1 |

## അനുബന്ധം 13

മെഡിക്കൽ റെക്കോർഡിന്റെ ഉള്ളടക്കം

[ചട്ടം 4(8) (I) കാണുക]

ചുവടെയുള്ള വിശദാംശങ്ങൾ മെഡിക്കൽ രേഖകളിൽ ഉണ്ടായിരിക്കണം:

| ക്രമ നം. | ഉള്ളടക്കം |
|---|---|
| 1 | ചികിത്സിക്കുന്ന ഡോക്ടറുടെ പേരും രജിസ്ട്രേഷൻ നമ്പറും |
| 2 | രോഗിയുടെ പേര്, വിലാസം, ബന്ധപ്പെടാനുള്ള നമ്പർ |
| 3 | പ്രസക്തമായ രോഗ ചരിത്രം, വിലയിരുത്തലും കണ്ടെത്തലുകളും, രോഗനിർണയവും |
| 4 | പരിശോധന റിപ്പോർട്ട് - എന്തെങ്കിലും ഉണ്ടെങ്കിൽ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 5 | ചികിത്സയുടെ വിശദാംശങ്ങൾ, പഞ്ചകർമ്മ, അനുശസ്ത്രക്രിയ ശസ്ത്രക്രിയ |
| 6 | ബാധകമായ സമ്മതപത്രങ്ങൾ |
| 7 | ഡിസ്ചാർജ് സംഗ്രഹം |
| 8 | മരണകാരണ സർട്ടിഫിക്കറ്റും മരണസംഗ്രഹവും- ബാധകമെങ്കിൽ |

**അനുബന്ധം 14**

<u>സമ്മതപത്ര മാർഗനിർദ്ദേശങ്ങൾ</u>

(ചട്ടം 4(8) (I) കാണുക)

സമ്മതപത്രത്തിൽ ഒരു സാധാരണക്കാരന് മനസ്സിലാകുന്ന ഭാഷയിലും ഫോർമാറ്റിലും ഇനിപ്പറയുന്ന വിവരങ്ങൾ അടങ്ങിയിരിക്കണം:

| ക്രമ നം. | ഉള്ളടക്കം |
|---|---|
| 1 | രോഗിയുടെ / രക്ഷിതാവിന്റെ പേര് (പ്രായപൂർത്തിയാകാത്ത / മാനസിക വൈകല്യമുള്ള ആളാണെങ്കിൽ) |
| 2 | രോഗിയുടെ രജിസ്ട്രേഷൻ നമ്പർ |
| 3 | പ്രവേശന തീയതി |
| 4 | ചികിത്സിക്കുന്ന ഡോക്ടറുടെ പേരും രജിസ്ട്രേഷൻ നമ്പറും |
| 5 | ക്രിയാക്രമം / ഓപ്പറേഷൻ / പരിശോധന / അനസ്തേഷ്യ എന്നിവയുടെ പേരും സാധ്യമായ സങ്കീർണതകളുടെയും വിശദീകരണം |
| 6 | തീയതിയും സമയവും സഹിതമുള്ള രോഗിയുടെ / രക്ഷിതാവിന്റെ ഒപ്പ് |

**അനുബന്ധം 15**

<u>ഡിസ്ചാർജ് സംഗ്രഹം</u>

[ചട്ടം 4(8) (I) കാണുക]

ഡിസ്ചാർജ്സംഗ്രഹത്തിൽ മനസ്സിലാക്കാവുന്ന ഭാഷയിലും ഫോർമാറ്റിലും ഇനിപ്പറയുന്ന വിവരങ്ങളെങ്കിലും അടങ്ങിയിരിക്കണം:

| ക്രമ നം. | ഉള്ളടക്കം |
|---|---|
| 1 | ചികിത്സിക്കുന്ന ഡോക്ടറുടെ പേരും രജിസ്ട്രേഷൻ നമ്പറും |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| 2 | രോഗിയുടെ പേര്, വിലാസം, മറ്റ് വിശദാംശങ്ങൾ, ബന്ധപ്പെടാനുള്ള നമ്പർ എന്നിവ |
| 3 | അഡ്മിഷൻ, ഡിസ്ചാർജ് തീയതി |
| 4 | പ്രസക്തമായ രോഗ ചരിത്രം, വിലയിരുത്തലും കണ്ടെത്തലുകളും, രോഗനിർണയവും |
| 5 | പരിശോധന ഫലങ്ങൾ |
| 6 | നൽകിയിട്ടുള്ള വൈദ്യചികിത്സ, ക്രിയാക്രമം / ഓപ്പറേഷൻ / പരിശോധന / മറ്റ് പരിചരണം എന്നിവയുടെ വിശദാംശങ്ങൾ |
| 7 | ഡിസ്ചാർജ് അഡ്വൈസ് (മരുന്നുകളും മറ്റ് നിർദ്ദേശങ്ങളും) |
| 8 | അടിയന്തിര പരിചരണവുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ |

## അനുബന്ധം 16

[ചട്ടം 4(2) (ii) കാണുക]

<u>സ്പെഷ്യലിസ്റ്റ്ആശുപത്രിക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ സ്ഥല സൗകര്യം</u>

| അടിസ്ഥാന സൗകര്യങ്ങൾ | വിസ്തീർണ്ണം |
|---|---|
| സ്വീകരണ ഭാഗവും കാത്തിരിപ്പു സ്ഥലവും | 30 ചതുരശ്ര അടി |
| കൺസൽട്ടേഷൻ റൂം (പരിശോധന സ്ഥലം ഉൾപ്പെടെ) | 40 ചതുരശ്ര അടി |
| പ്രത്യേക ഇൻവെസ്റ്റിഗേഷൻ റൂം ( നേത്ര/ ഇ.എൻ. ടി അഡ്വാൻസ്ഡ് ഡയഗ്നോസ്റ്റിക് ക്ലിനിക്ക്/ആശുപത്രി) | 100 ചതുരശ്ര അടി |
| ശുചിത്വമുള്ള ക്രിയകൽപ/ തെറാപ്പി റൂം | 100 ചതുരശ്ര അടി |
| പ്രീ-ഓപ് ഏരിയ (പ്രധാന ഒ.ടി സമുച്ചയത്തിന്റെ ഭാഗം) (ശസ്ത്രക്രിയ ചെയ്യുന്ന ആശുപത്രികളിൽ) | 80 ചതുരശ്ര അടി |
| ഒ.ടി.മേഖല (പ്രധാന ഒ.ടി സമുച്ചയത്തിന്റെ ഭാഗം) (ശസ്ത്രക്രിയ ചെയ്യുന്ന ആശുപത്രികളിൽ) | 100 ചതുരശ്ര അടി |
| റിക്കവറി ഏരിയ (പ്രധാന ഒ. ടി സമുച്ചയത്തിന്റെ ഭാഗം) (ശസ്ത്രക്രിയ ചെയ്യുന്ന ആശുപത്രികളിൽ) | 50 ചതുരശ്ര അടി/ കിടക്ക |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| സ്റ്റാഫ് സൗകര്യങ്ങൾ | 80 ചതുരശ്ര അടി |
| മൈനർ ഒ.ടി | 60 ചതുരശ്ര അടി |

റിസപ്ഷൻ, കൺസൾട്ടേഷൻ റൂം, കാത്തിരിപ്പ്, പ്രത്യേക അന്വേഷണ മുറികൾ എന്നിവ ക്ലിനിക്കിന്റെ ആവശ്യത്തിനും ജോലിഭാരത്തിനും അനുസരിച്ചു നിർമ്മിക്കേണ്ടതാണ്.

5. ആയുർവേദസ്പെഷലിറ്റിസെന്ററുകൾക്ക് ആവശ്യമായ അടിസ്ഥാന നിലവാരങ്ങൾ—

**(എ) ശാലാക്യതന്ത്രത്തിന് കീഴിലുള്ള സ്പെഷ്യാലിറ്റികൾ**

(i) നേത്രരോഗം (ഒഫ്താൽമോളജി)

(ii) ശിരോ നാസാ കർണ ഏവം കണ്ഠരോഗം (ഇ.എൻ.ടി)

(iii) മുഖ ദന്തരോഗം (ഓറോ-ഡെന്റൽ)

**നേത്രരോഗ ക്ലിനിക്**

| നം. | നിലവാരങ്ങൾ | ജനറൽ നേത്രരോഗ ക്ലിനിക് | അഡ്വാൻസ്ഡ് നേത്രരോഗ ക്ലിനിക്ക് |
|---|---|---|---|
| 1 | നിർവ്വചനം | നേത്രരോഗങ്ങൾ കൈകാര്യം ചെയ്യുന്ന ആയുർവേദത്തിന്റെ പ്രത്യേക ശസ്ത്രക്രിയാ ശാഖ. | അടിസ്ഥാന നേത്ര പരിചരണത്തിന് പുറമേ, മൈനർ ശസ്ത്രക്രിയകളും ചെയ്യുന്നു |
| 2 | സാദ്ധ്യത | അടിസ്ഥാന നേത്ര പരിചരണം | വിപുലമായ നേത്ര പരിചരണം |
| 3 | സേവനങ്ങൾ | നേത്രരോഗങ്ങൾക്കായുള്ള കൺസൾട്ടേഷനും ചികിത്സയും | റിഫ്രാക്ഷൻ,സിറിഞ്ചിംഗ്, ശല്യനിർഹരണം (അന്യ വസ്തുക്കൾ നീക്കം ചെയ്യൽ,) എപ്പിലേറ്റിംഗ്, ഭേദനം - (ഇൻസിഷൻ & ഡ്രെയിനേജ്) ലേഖനം - (സ്ക്രാപ്പിംഗ്), അഗ്നികർമം, ജളൂകാവചരണം ഘർഷണം, പ്രതിസാരണം, കുട്ടനം തുടങ്ങിയവയും കൂടെ ഉൾപ്പെടുത്തുന്നു. |

This is a digitally signed Gazette.
